ശ്രീ. കെ. ടി. അച്യുതൻ : കൊതുകുകളെ സംബന്ധിച്ചിടത്തോളം നിവൃത്തിയുള്ളിടത്തോളം ഓടിക്കാൻ ശ്രമിക്കുന്നുണ്ട്. പൊതുജനാരോഗ്യവകുപ്പ് അക്കാര്യം നോക്കുന്നുണ്ട്. ഇപ്പോഴും അവർ വളരെ സൗഹാർദ്ദമായി അവിടെ കഴിഞ്ഞുകൂടുന്നുണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി : മൂന്നോനാലോപേക്കെങ്കിലും ശരിയായി കിടക്കാനുള്ള സ്ഥലമില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. ഇതുകൂടാതെ, പണവും അവർ രാത്രി സൂക്ഷിക്കണമെന്നുള്ള ഏർപ്പാടാണുള്ളതു്. പണം പലപ്പോഴും മോഷണം പോയതായി പരാതിയുണ്ടു്. അതുകൊണ്ടു് ഈ പണം ആഫീസുകളിൽ വാങ്ങുന്നതിനു് ഏർപ്പാടുചെയ്യുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതിനുള്ള ഏർപ്പാടുണ്ടെന്നാണു് എന്റെ ഓർമ്മ. പണം ആഫീസിൽ വാങ്ങിക്കണമെന്നും, പിന്നെ അടുത്ത ട്രിപ്പിൽ പോകുമ്പോഴും മടക്കിക്കൊടുക്കണമെന്നുമാണുള്ളതു്. അങ്ങനെ ഇല്ലെങ്കിൽ അതു പരിശോധിക്കാം.

കൃഷിക്കു ലോൺ കൊടുക്കുന്നതിനുള്ള നടപടി.

* 760. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കു് കൃഷിക്കു ലോൺ കൊടുക്കുന്നതിനു് എന്തെങ്കിലും നടപടി ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1960 മുതൽ 1963 ഡിസംബർ 31-ാം തീയതിവരെ പട്ടികജാതിക്കാരിൽ ആർക്കെങ്കിലും കൃഷിക്കു കടം കൊടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആർക്കെല്ലാം ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) കൃഷിക്കു ലോൺ കൊടുക്കുന്നതിനു പട്ടികജാതിക്കാർക്കു മാത്രമുള്ള ഒരു പദ്ധതിയും നിലവിലില്ല. എന്നാൽ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റു വഴി കൃഷിയാവശ്യത്തിനു ലോൺ നൽകുന്ന പദ്ധതിയിൽനിന്നു ഇവർക്കു് വായ്പ ലഭിക്കുന്നതാണു്.

(ബി,സി) വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. പി. സി. ആദിച്ചൻ : 1960-ൽ ഇവിടെ ഇലക്ഷൻ നടക്കുന്നതിനു മുമ്പു് പത്രങ്ങളിൽ പട്ടികജാതിക്കാർക്കു കൃഷിക്കു് ലോൺ കൊടുക്കുമെന്നു വാർത്തവന്നതു് പട്ടികജാതിക്കാരെ കബളിപ്പിക്കാനല്ലായിരുന്നോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. പട്ടികജാതിക്കാർക്കു ലോൺ കൊടുക്കുന്നതിനു് വ്യവസ്ഥകളിൽ ചില ഇളവു ചെയ്തിട്ടുണ്ടു്.

ലോറി, കാർ, ജീപ്പു്, ബസ്സു് എന്നിവകളുടെ എണ്ണം.

* 761. [5] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും, തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു രജിസ്റ്റർ ചെയ്തു ഓടിക്കൊണ്ടിരിക്കുന്ന ലോറികളും, കാറുകളും, ജീപ്പുകളും, ബസ്സുകളും എന്നിവയുടെ 1963 ഡിസംബർവരെയുള്ള എണ്ണം എത്ര ;

(ബി) ടാക്സു്, ഇൻഷ്വറൻസു് എന്നീ ഇനങ്ങളിലായി ഈ വാഹനങ്ങളിൽനിന്നും ആണ്ടിനാൽ എത്ര തുക വരുമാനമുണ്ടു് ;

(സി) മോട്ടോർവാഹനങ്ങളുടെ പരിശോധന പോലീസിനെ ഏല്പിക്കാതെ, ട്രാഫിക് ഉദ്യോഗസ്ഥന്മാരുടെ ചുമതലയിലാക്കുവാൻ വേണ്ട നടപടികളും കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly